REGIONAL NEWS UNIT, ALL INDIA RADIO, CALICUT

# ആകാശവാണി

## പ്രാദേശിക വാർത്തകൾ

**തിയ്യതി:** 15-10-2025 **സമയം** 12.30 PM

## പ്രധാന വാർത്തകൾ

- പ്രധാനമന്ത്രി നരേന്ദ്ര മോദി നാളെ ആന്ധ്രാപ്രദേശ് സന്ദർശിക്കും. കർണൂലിൽ 13,430 കോടി രൂപയുടെ വികസന പദ്ധതികൾക്ക് പ്രധാനമന്ത്രി തുടക്കമിടും.
- ഏഷ്യയിലെ ഏറ്റവും വലിയ റെയിൽവേ ഉപകരണ പ്രദർശനം ഡൽഹിയിൽ കേന്ദ്രമന്ത്രി അശ്വിനി വൈഷ്ണവ് ഉദ്ഘാടനം ചെയ്തു.
- ഗവൺമെന്റിനെ മാത്രം ആശ്രയിക്കാതെ സ്വകാര്യ മേഖലയുമായി സഹകരിച്ച് മുന്നേറാൻ ഗവേഷണ സ്ഥാപനങ്ങൾ തയ്യാറാകണമെന്ന് കേന്ദ്ര സഹമന്ത്രി ഡോ.ജിതേന്ദ്ര സിംഗ്.
- KSRTC നിയമനത്തിന് ഫിറ്റ്നെസ് ടെസ്റ്റ് പ്രാവർത്തികമാക്കാൻ PSC യോട് ആവശ്യപ്പെടുമെന്ന് മന്ത്രി KB ഗണേശ്കുമാർ.
- കടലുണ്ടി വാവുത്സവത്തിന് ഇന്ന് തുടക്കം.

## വാർത്തകൾ വിശദമായി

**പ്രധാനമന്ത്രി നരേന്ദ്ര മോദി നാളെ ആന്ധ്രാപ്രദേശ് സന്ദർശിക്കും. നന്ദ്യാൽ ജില്ലയിലെ ശ്രീ ഭ്രമരംഭ മല്ലികാർജുന സ്വാമി വർല ദേവസ്ഥാനത്തിൽ പൂജയും ദർശനവും നടത്തുന്ന പ്രധാനമന്ത്രി, ശ്രീശൈലത്തിലെ ശ്രീ ശിവാജി സ്പൂർത്തി കേന്ദ്രവും സന്ദർശിക്കും. ഉച്ചകഴിഞ്ഞ് കർണൂലിൽ 13,430 കോടി രൂപ ചെലവിൽ വികസന പദ്ധതികൾ രാഷ്ട്രത്തിന് സമർപ്പിക്കുകയും തറക്കല്ലിടുകയും ചെയ്യും. പൊതുയോഗത്തേയും പ്രധാനമന്ത്രി അഭിസംബോധന ചെയ്യും.**

✪✪✪

രാജസ്ഥാനിലെ ജയ്സാൽമീർ-ജോധ്പൂർ ഹൈവേയിൽ ഓടിക്കൊണ്ടിരുന്ന AC സ്ലീപ്പർ ബസിന് തീപിടിച്ച് 20 യാത്രക്കാർ മരിച്ച സംഭവത്തിൽ, രാഷ്ട്രപതി ദ്രൗപതി മുർമു, ഉപരാഷ്ട്രപതി CP രാധാകൃഷ്ണൻ, പ്രധാനമന്ത്രി നരേന്ദ്രമോദി തുടങ്ങിയവർ അനുശോചിച്ചു. ജോധ്പൂരിലേക്ക് പോവുകയായിരുന്ന ബസാണ് ഇന്നലെ അപകടത്തിൽപ്പെട്ടത്.

20 പേരുടെ മരണത്തിനിടയാക്കിയ തീപിടുത്ത ദുരന്തത്തിലെ ഇരകളെ തിരിച്ചറിയുന്നതിനായി ഡിഎൻഎ സാമ്പിളുകൾ ശേഖരിച്ചുവെന്ന് സംസ്ഥാന ഗവൺമെന്റ് അറിയിച്ചു.

✪✪✪

ഇന്ത്യയുടെ മിസൈൽമാനും മുൻ രാഷ്ട്രപതിയുമായ ഡോ. APJ അബ്ദുൾ കലാമിനെ അദ്ദേഹത്തിന്റെ ജന്മവാർഷിക ദിനമായ ഇന്ന് ഉപരാഷ്ട്രപതി CP രാധാകൃഷ്ണൻ, പ്രധാനമന്ത്രി നരേന്ദ്ര മോദി, കേന്ദ്രമന്ത്രി അമിത്ഷാ തുടങ്ങിയവർ അനുസ്മരിച്ചു.

ദീർഘവീക്ഷണമുള്ള ശാസ്ത്രജ്ഞനും പ്രചോദനാത്മക നേതാവും യഥാർത്ഥ ദേശസ്നേഹിയുമായിരുന്നു ഡോ. കലാം എന്ന് ഉപരാഷ്ട്രപതി അനുസ്മരിച്ചു.

യുവമനസ്സുകളെ ജ്വലിപ്പിക്കുകയും വലിയ സ്വപ്നങ്ങൾ കാണാൻ പ്രചോദിപ്പിക്കുകയും ചെയ്ത വ്യക്തിത്വമായിരുന്നു ഡോ. കലാം എന്ന് പ്രധാനമന്ത്രി സമൂഹമാധ്യമത്തിൽ കുറിച്ചു.

✪✪✪

16-ാമത് അന്താരാഷ്ട്ര റെയിൽവേ ഉപകരണ പ്രദർശനം-2025, ന്യൂഡൽഹിയിലെ ഭാരത് മണ്ഡപത്തിൽ കേന്ദ്ര റെയിൽവേ മന്ത്രി അശ്വിനി വൈഷ്ണവ് ഉദ്ഘാടനം ചെയ്തു. 15-ലധികം രാജ്യങ്ങളിൽ നിന്ന് 450-ലധികം പ്രദർശകർ മൂന്ന് ദിവസത്തെ പരിപാടിയിൽ പങ്കെടുക്കുന്നുണ്ട്. ഏഷ്യയിലെ ഏറ്റവും വലുതും ലോകത്തിലെ രണ്ടാമത്തെ വലിയതുമായ റെയിൽവേ പ്രദർശനമാണിത്. അത്യാധുനിക റെയിൽവേ, മെട്രോ ഉൽപ്പന്നങ്ങൾ, നൂതനാശയങ്ങൾ, സുസ്ഥിര പരിഹാരങ്ങൾ എന്നിവ പ്രദർശനത്തിനുണ്ട്.

റെയിൽവേയെ വേഗത്തിൽ നവീകരിക്കുന്നതിനായി റെയിൽവേ നിലവിൽ പ്രതിവർഷം 2 ലക്ഷത്തി 56,000 കോടി രൂപ നിക്ഷേപിക്കുന്നുണ്ടെന്ന് അശ്വിനി വൈഷ്ണവ് പറഞ്ഞു. ഈ

കാലയളവിൽ ഏകദേശം 35,000 കിലോമീറ്റർ ട്രാക്കുകൾ നിർമ്മിച്ചതായും 46,000 കിലോമീറ്റർ റെയിൽവേ ട്രാക്കുകൾ വൈദ്യുതീകരിച്ചതായും കേന്ദ്രമന്ത്രി പറഞ്ഞു.

✪✪✪

ഗോവ മുൻ മുഖ്യമന്ത്രിയും സംസ്ഥാന കാബിനറ്റ് മന്ത്രിയുമായ രവി നായിക്കിന്റെ നിര്യാണത്തിൽ പ്രധാനമന്ത്രി നരേന്ദ്ര മോദി അനുശോചനം രേഖപ്പെടുത്തി. ഹൃദയാഘാതത്തെ തുടർന്ന് ഇന്നലെ രാത്രിയായിരുന്നു അദ്ദേഹത്തിന്റെ അന്ത്യം.

ഗോവയുടെ വികസന പാതയെ സമ്പന്നമാക്കിയ പരിചയസമ്പന്നനായ ഭരണാധികാരിയായി രവി നായിക്ക് എന്നും ഓർമ്മിക്കപ്പെടുമെന്ന് പ്രധാനമന്ത്രി സമൂഹ മാധ്യമ പോസ്റ്റിൽ കുറിച്ചു.

✪✪✪

ഐക്യരാഷ്ട്ര സഭ മനുഷ്യാവകാശ കൗൺസിലിലേക്ക് ഇന്ത്യയെ വീണ്ടും എതിരില്ലാതെ തെരഞ്ഞെടുത്തു. അടുത്ത വർഷം മുതൽ മൂന്ന് വർഷത്തെ കാലാവധിയിലേക്ക് ഏഴാം തവണയാണ് ഇന്ത്യ എതിരില്ലാതെ മനുഷ്യാവകാശ കൗൺസിലിൽ അംഗമാകുന്നത്. ഈ തിരഞ്ഞെടുപ്പ് മനുഷ്യാവകാശങ്ങളോടും മൗലിക സ്വാതന്ത്ര്യങ്ങളോടും ഇന്ത്യയുടെ അചഞ്ചലമായ പ്രതിബദ്ധതയെ പ്രതിഫലിപ്പിക്കുന്നുവെന്ന് ഇന്ത്യയുടെ സ്ഥിരം പ്രതിനിധി P ഹരീഷ് പറഞ്ഞു.

✪✪✪

എല്ലാ കാര്യങ്ങളിലും ഗവൺമെന്റിനെ മാത്രം ആശ്രയിക്കാതെ സ്വകാര്യ മേഖലയുമായി സഹകരിച്ച് മുന്നേറാൻ ഗവേഷണ സ്ഥാപനങ്ങൾ തയ്യാറാകണമെന്ന് കേന്ദ്രസഹമന്ത്രി ഡോ.ജിതേന്ദ്ര സിംഗ് പറഞ്ഞു. തിരുവനന്തപുരത്ത് CSIR- NIIST സുവർണ്ണ ജൂബിലി സമാപന സമ്മേളനം ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം.

ബയോമെഡിക്കൽ മാലിന്യങ്ങൾ സംസ്കരിക്കുന്നതിന് തയ്യാറാക്കിയ സാങ്കേതികവിദ്യ മാതൃകാപരമാണെന്നും ഡൽഹി ഉൾപ്പെടെ സ്ഥലങ്ങളിൽ ഇത് നടപ്പാക്കിയിട്ടുണ്ടെന്നും കേന്ദ്രസഹമന്ത്രി പറഞ്ഞു. ദൈവത്തിന്റെ സ്വന്തം നാട്ടിൽ ഈ സ്ഥാപനം രാജ്യത്തിന്റെ ഭാവി സാമ്പത്തിക കുതിപ്പിന് നേതൃത്വം നൽകുന്ന ഒന്നായി മാറുമെന്നും അദ്ദേഹം പറഞ്ഞു. വ്യായാമം ചെയ്യുമ്പോൾ അതിൽനിന്ന് വൈദ്യുതി ഉല്പാദിപ്പിക്കുന്നതടക്കം സംവിധാനങ്ങളും ജിതേന്ദ്ര സിംഗ് ഉദ്ഘാടനം ചെയ്തു.

✪✪✪

സൗദി അറേബ്യയിലെ വ്യവസായ - ധാതു ഉപമന്ത്രി ഖലീൽ ബിൻ ഇബ്രാഹിം ബിൻ സലാമയും, കേന്ദ്ര കെമിക്കൽസ്, പെട്രോകെമിക്കൽസ് സെക്രട്ടറി നിവേദിത ശുക്ല വർമ്മയും ഉഭയകക്ഷി കൂടിക്കാഴ്ച നടത്തി.

കെമിക്കൽസ്, പെട്രോകെമിക്കൽസ് മേഖലയിൽ സൗദി അറേബ്യയുമായി ഉഭയകക്ഷി സഹകരണം കൂടുതൽ ശക്തിപ്പെടുത്തുന്നതിന്റെ ഭാഗമായാണ് കൂടിക്കാഴ്ച. ഉഭയകക്ഷി സഹകരണം വർദ്ധിപ്പിക്കുക, നിക്ഷേപങ്ങൾ പ്രോത്സാഹിപ്പിക്കുക, ഈ മേഖലയിലെ സഹകരണത്തിന്റെ പുതിയ മേഖലകൾ പര്യവേക്ഷണം ചെയ്യുക എന്നിവ യോഗം ചർച്ച ചെയ്തു. മേഖലയിലെ നൈപുണ്യ വികസനത്തിനൊപ്പം ഗവേഷണ വികസന മേഖലയിലും സഹകരിക്കാൻ ഇരു രാജ്യങ്ങളും സമ്മതിച്ചതായി മന്ത്രാലയം ഒരു പ്രസ്താവനയിൽ അറിയിച്ചു.

✪✪✪

ദീപാവലി സമയത്ത് ഒക്ടോബർ 18 മുതൽ 21 വരെ ഡൽഹിയിലും സമീപ NCR മേഖലയിലും ഹരിത പടക്കങ്ങൾ വിൽക്കാനും പൊട്ടിക്കാനും സുപ്രീം കോടതി അനുമതി നൽകി. ദേശീയ തലസ്ഥാനത്ത് ദീപാവലി ആഘോഷിക്കാൻ ഹരിത പടക്കങ്ങൾ ഉപയോഗിക്കാൻ അനുവദിക്കണമെന്ന ഡൽഹി ഗവൺമെന്റിന്റെ ഹർജിയ്ക്ക് മറുപടിയായി ഇന്ത്യൻ ചീഫ് ജസ്റ്റിസ് BR ഗവായി, ജസ്റ്റിസ് കെ. വിനോദ് ചന്ദ്രൻ എന്നിവരടങ്ങിയ ബെഞ്ചാണ് ഉത്തരവ് പുറപ്പെടുവിച്ചത്. സുപ്രീം കോടതിയുടെ തീരുമാനത്തെ ഡൽഹി ഗവൺമെന്റ് സ്വാഗതം ചെയ്യുന്നതായി ഡൽഹി മുഖ്യമന്ത്രി രേഖ ഗുപ്ത അറിയിച്ചു.

✪✪✪

KSRTC നിയമനത്തിന് പോലീസിലേത് പോലെ ഫിറ്റ്നെസ് ടെസ്റ്റ് പ്രാവർത്തികമാക്കാൻ PSC യോട് ആവശ്യപ്പെടുമെന്ന് മന്ത്രി കെ.ബി ഗണേശ്കുമാർ അറിയിച്ചു. ഗതാഗത വകുപ്പിന്റെ നേതൃത്വത്തിൽ 'വിഷൻ 2031- ഗതാഗത വകുപ്പിന്റെ വികസന ലക്ഷ്യങ്ങൾ' എന്ന പേരിൽ തിരുവല്ല ബീലിവേഴ്സ് കൺവെൻഷൻ സെന്ററിൽ നടത്തുന്ന സംസ്ഥാനതല സെമിനാറിൽ സംസാരിക്കുകയായിരുന്നു മന്ത്രി.

കാലത്തിന്റെ മാറ്റങ്ങൾ ഉൾക്കൊണ്ട് 2031 ൽ പൊതുഗതാഗത വകുപ്പിൽ മാറ്റം ഉണ്ടാകുമെന്നും AI ഉൾപ്പെടെ

ഉപയോഗപ്പെടുത്തുമെന്നും മന്ത്രി പറഞ്ഞു. മന്ത്രി വീണാ ജോർജ് മുഖ്യാതിഥിയായി പങ്കെടുത്തു. വിദഗ്ദ്ധരുടെ മേൽനോട്ടത്തിൽ നാലു വേദികളിൽ നടത്തുന്ന ചർച്ചയുടെ വിശദാംശങ്ങൾ ഉച്ചകഴിഞ്ഞ് മന്ത്രി KB ഗണേഷ് കുമാർ അവതരിപ്പിക്കും.

✪✪✪

നിരോധിത എയർഹോൺ ഉപയോഗിക്കുന്ന വാഹനങ്ങൾ കണ്ടെത്താൻ സംസ്ഥാനവ്യാപകമായി പരിശോധന തുടങ്ങി. രണ്ടുദിവസംകൊണ്ട് 390 കേസുകളിലായി 5 ലക്ഷത്തി 18,000 രൂപയാണ് പിഴ ഈടാക്കിയത്.

തിരുവനന്തപുരത്ത് നിന്ന് രെജു കോലിയക്കോട്.

.....(വോയ്സ്).......

✪✪✪

എറണാകുളം പള്ളുരുത്തി സെന്റ് റീത്താസ് പബ്ലിക് സ്കൂളിലെ ശിരോവസ്ത്ര വിഷയത്തിൽ സ്കൂൾ മാനേജ്മെന്റിന്റെ വിശദീകരണം ആവശ്യപ്പെട്ടിട്ടുണ്ടെന്ന് മന്ത്രി V ശിവൻ കുട്ടി പറഞ്ഞു. പഠനം നിഷേധിക്കാൻ ആർക്കും അവകാശമില്ലെന്നും, സ്കൂൾ തലത്തിൽ സമവായമുണ്ടെങ്കിൽ അതാണ് നല്ലതെന്നും മന്ത്രി തിരുവനന്തപുരത്ത് വാർത്താസമ്മേളനത്തിൽ അറിയിച്ചു.

✪✪✪

കടലുണ്ടി വാവുത്സവത്തിന് ഇന്ന് കൊടിയേറും. ഉത്തര കേരളത്തിലെ ക്ഷേത്രോത്സവങ്ങൾക്ക് തുടക്കം കുറിക്കുന്നത് വാവുത്സവത്തോടെയാണ്. 21നാണ് വാവുത്സവം.

✪✪✪

മാഹി സെയ്ന്റ് തെരേസ ബസിലിക്കയിലെ തിരുനാൾ ആഘോഷത്തിന്റെ ഭാഗമായി പുലർച്ചെ ശയനപ്രദക്ഷിണം ആരംഭിച്ചു. രാവിലെ മുതൽ തുടർച്ചയായ ദിവ്യബലികൾ നടത്തുന്നുണ്ട്. കോഴിക്കോട് അതി രൂപതാ മെത്രാപ്പോലീത്ത ഡോ. വർഗീസ് ചക്കാലക്കൽ ആണ് കാർമികത്വം വഹിക്കുന്നത്.

✪✪✪

ഇന്ന് അന്താരാഷ്ട്ര വൈറ്റ് കെയിൻ ദിനം. കാഴ്ച നഷ്ടമായവരുടെ പ്രശ്നങ്ങളിലേക്ക് സമൂഹത്തിന്റെ ശ്രദ്ധ ആകർഷിക്കുന്നതിനാണ്

എല്ലാ വർഷവും ഒക്ടോബർ 15 വൈറ്റ് കെയിൻ ദിനമായി ആചരിക്കുന്നത്.  കോഴിക്കോട്ട് കേരള ഫെഡറേഷൻ ഓഫ് ദി ബ്ലൈൻഡ് 150 പ്രതിനിധികളുടേയും സഹായികളുടേയും  വൈറ്റ് കെയിൻ റാലി സംഘടിപ്പിച്ചു.

✪✪✪

സംസ്ഥാനത്ത്  ശനിയാഴ്ച വരെ ഇടിമിന്നലോട് കൂടിയ ശക്തമായ മഴയ്ക്ക് സാധ്യതയുണ്ടെന്ന് കേന്ദ്ര കാലാവസ്ഥാ വകുപ്പ് അറിയിച്ചു. മഴ സാധ്യത കണക്കിലെടുത്ത് ഇന്ന് തിരുവനന്തപുരം, കൊല്ലം, പത്തനംതിട്ട, കോട്ടയം, എറണാകുളം, ഇടുക്കി ജില്ലകളിൽ കാലാവസ്ഥാ വകുപ്പ് മഞ്ഞ ജാഗ്രത പ്രഖ്യാപിച്ചു.

കേരള-ലക്ഷദ്വീപ് - കർണാടക തീരങ്ങളിൽ ഈ മാസം 18 വരെ 55 കിലോമീറ്റർ വരെ വേഗത്തിൽ കാറ്റിന് സാധ്യതയുണ്ടെന്നും മീൻ പിടുത്തക്കാർ കടലിൽ പോകരുതെന്നും കാലാവസ്ഥാ വകുപ്പ് നിർദ്ദേശം നൽകി.

✪✪✪

രാജ്യാന്തര ലോങ് ജംപ് താരം MC സെബാസ്റ്റ്യൻ അന്തരിച്ചു. കോട്ടയം ജില്ലയിലെ മുണ്ടക്കയം കൂട്ടിക്കൽ സ്വദേശിയാണ്.  സംസ്കാരം ശനിയാഴ്ച രാവിലെ പറത്താനം സെന്റ് മേരീസ് പള്ളിയിൽ നടത്തും.

✪✪✪

ICC വനിതാ ലോകകപ്പ് ക്രിക്കറ്റിൽ ഇന്ന് കൊളംബോയിൽ ഇംഗ്ലണ്ട്, പാകിസ്ഥാനെ നേരിടും. ഇന്നലെ ശ്രീലങ്ക - ന്യൂസിലാന്റ് മത്സരം മഴയെ തുടർന്ന് ഉപേക്ഷിച്ചിരുന്നു.

✪✪✪

ഗുവാഹത്തിയിൽ BWF ലോക ജൂനിയർ ചാമ്പ്യൻഷിപ്പ് ബാഡ്മിന്റണിൽ ഇന്ത്യൻ താരങ്ങൾക്ക് വിജയത്തോടെ തുടക്കം.  ഇന്ത്യയുടെ മെഡൽ പ്രതീക്ഷകളായ തൻവി ശർമ്മ, ഉന്നതി ഹൂഡ, രക്ഷിതശ്രീ എന്നിവരാണ് വിജയിച്ചത്. ആൺകുട്ടികളുടെ സിംഗിൾസ് വിഭാഗത്തിലും ഇന്ത്യൻ താരങ്ങൾ അടുത്ത ഘട്ടത്തിലേക്ക് പ്രവേശിച്ചിരുന്നു.

✪✪✪

കോഴിക്കോട് റവന്യൂ ജില്ലാ സ്കൂൾ കായികമേളയ്ക്ക്  ഒളിമ്പ്യൻ റഹ്മാൻ സ്റ്റേഡിയത്തിൽ തുടക്കമായി.  തോട്ടത്തിൽ രവീന്ദ്രൻ MLA മേള ഉദ്ഘാടനം ചെയ്തു.

17 ഉപജില്ലകളിൽ നിന്ന് 90 ഇനങ്ങളിൽ നാലായിരത്തോളം താരങ്ങൾ മേളയിൽ പങ്കെടുക്കുന്നുണ്ട്.

✪✪✪

കോഴിക്കോട് ജില്ലാ സ്പോർട്സ് കൗൺസിൽ പ്രസിഡന്റായി P നിഖിലിനെയും, വൈസ് പ്രസിഡന്റായി ഡോ. V റോയ് ജോണിനേയും, സംസ്ഥാന കൗൺസിൽ പ്രതിനിധിയായി TM അബ്ദുറഹ്മാനെയും തെരഞ്ഞെടുത്തു. ജില്ലാ റോവിങ് അസോസിയേഷൻ പ്രതിനിധിയായാണ് നിഖിൽ പ്രസിഡന്റ് സ്ഥാനത്തെത്തിയത്.

✪✪✪

സ്വർണ്ണവില വർദ്ധിച്ചു. പവന് 400 രൂപ കൂടി 94,520 രൂപയായി. 11,815 രൂപയാണ് ഗ്രാമിന്.

✪✪✪

---

*News Editor : നിമിഷ ജി*
*News Reader: സബിത കെ*
*NRTs: സാലീം*
*DEO : ഷീബ*